LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമങ്ങളിൽ കളം നിർമ്മിക്കൽ

209 (874) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കളങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി എത്ര നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഇവയിൽ നിർമ്മാണയോഗ്യമെന്ന് പരിഗണിക്കപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് സർക്കാരിലേക്ക് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) ഓരോ പദ്ധതിക്കും എത്ര ഉക വീതം ചെലവ് വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ഡി) ഈ ഇനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി ജില്ലയിൽ എത്ര ഉക ചെലവഴിച്ചു എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 55 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ 31 കളങ്ങൾ നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) മേൽപ്പറഞ്ഞ കളങ്ങൾ ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതിയിൽ ശിപാർശ ചെയ്തതിനാൽ കേന്ദ്രവിഹിതം ഇല്ല.

കട്ടനാട്ടിലെ രാമങ്കരി പഞ്ചായത്തിൽ കല്വങ്ക് നിർമ്മാണം

210 (875) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലെ രാമങ്കരി പഞ്ചായത്തിൽ സെന്റ് മേരീസ് എൽ. പി. സ്കൂളിനു സമീപം മണലാടി തോടിനു കുറുകെ കല്വങ്ക് നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.